# കേരള സർക്കാർ
## പ്രവേശന പരീക്ഷാ കമ്മീഷണറുടെ നടപടിക്രമം
## ഹൗസിംഗ് ബോർഡ് ബിൽഡിംഗ് , ശാന്തിനഗർ, തിരുവനന്തപുരം-695001

ഹാജർ : ഇൻപശേഖർ. കെ., ഐ.എ.എസ്

---

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം - സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ചതും ബിപിഎൽ സ്കോളർഷിപ്പിന് അർഹത നേടിയിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് അവരുടെ നാലാം വർഷത്തെയും അഞ്ചാം വർഷത്തെയും ട്യൂഷൻ ഫീസിന്റെ (2020-21 & 2021-22) 90 % തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു.

---

**നം.എ 3/251/2022/പ്ര.പ.ക** **തീയതി:02/04/2022**

---

പരാമർശം 1.സർക്കാർ ഉത്തരവ് (എം.എസ്) നം. 107/2018/ആകുവ തീയതി 06.06.2018.

2.സർക്കാർ ഉത്തരവ് (എം.എസ്) നം. 138/2018/ആകുവ തീയതി 19.07.2018.

3.സർക്കാർ ഉത്തരവ് (എം.എസ്) നം. 169/2018/ആകുവ തീയതി 19.08.2018

4.സർക്കാർ ഉത്തരവ് (എം എസ് ) നം. 40/2018/ആകുവ തീയതി 09.04.2018

5.ഈ കാര്യാലയത്തിലെ വിവിധ തീയതികളിലെ ഉത്തരവ് നമ്പർ എ 3/2378/2018/പ്രപക

6.23/07/2020-ലെ WP(C)No.7771/2018 & connected case -ലെ ബഹു.ഹൈക്കോടതി ഉത്തരവ്.

7.27/01/2021-ലെ WP(C)No.25475 &26683/2020 -ലെ ബഹു.ഹൈക്കോടതി ഉത്തരവ്.

8.15.03.2022-ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാ ശാലാ രജിസ്ട്രാറുടെ കത്ത് നമ്പർ 2021/8690/ബി3/എക്സ് മെഡ് /കെയുഎച്ച്എസ്

9.13.01.2022-ലെ സർക്കാർ കത്ത് നമ്പർ എസ്3/423/2021-ആരോഗ്യം.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ 2017-18 അധ്യയന വർഷം മുതൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള (ബി.പി.എൽ) വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് രൂപത്തിൽ ഫീസ് ഇളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി പരാമർശം 1,2,3 ഉത്തരവുകൾ പ്രകാരം സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. തുടർന്ന് പരാമർശം (6) പ്രകാരം ബി.പി.എൽ സ്കോളർഷിപ്പ് സംബന്ധിച്ച പരാമർശം (1) സർക്കാർ ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദാക്കിയിരുന്നു. തുടർന്ന് പരാമർശം (7) പ്രകാരം അർഹരായ വിദ്യാർത്ഥികൾക്ക് ബി.പി.എൽ സ്കോളർഷിപ്പ് അനുവദിക്കുന്നതിന് ബഹു.ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2017-18 അധ്യയന വർഷത്തിൽ സംസ്ഥാത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് പ്രവേശനം ലഭിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ അർഹത പരിശോധിച്ച് അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് ട്യൂഷൻ ഫീസിന്റെ 90% തുക ബി.പി.എൽ സ്കോളർഷിപ്പായി അനുവദിക്കുകയും, കേരള ആരോഗ്യശാസ്ത്ര സർവ്വകലാ ശാലയിൽ

നിന്നുള്ള ടിയാന്മാരുടെ തുടർ വർഷങ്ങളിലെ പരീക്ഷാ ഫലങ്ങളുടെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ തുടർ വർഷങ്ങളിലെ ട്യൂഷൻ ഫീസിന്റെ 90 % തുക സ്കോളർഷിപ്പായി കോർപ്പസ് ഫണ്ടിൽ നിന്നും വിതരണം ചെയ്തിട്ടുള്ളതുമാകുന്നു. തുടർന്ന് പരാമർശം (8) പ്രകാരം സപ്ലിമെന്ററി പരീക്ഷയിൽ മൂന്നാം വർഷ എംബിബിഎസ് പരീക്ഷ വിജയിച്ച 9 വിദ്യാർഥികളുടെ പരീക്ഷാ ഫലം കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ടിയാന്മാർക്ക് നാലാം വർഷത്തെ ബിപിഎൽ സ്കോളർഷിപ്പിന് അർഹതയുണ്ട്. പരാമർശം (9) സർക്കാർ കത്ത് പ്രകാരം എംബിബിഎസ് കോഴ്സ്-ന്റെ മുഴുവൻ കാലാവധിയിലേക്കും (ഹൌസ് സർജൻസി കാലാവധി ഒഴികെ) സ്കോളർഷിപ്പ് അനുവദനീയമാണെന്നും വിദ്യാർഥികൾക്ക് അഞ്ചാം വർഷം സ്കോളർഷിപ്പ് അനുവദിക്കാവുന്നതാണെന്നും അറിയിച്ചിരിക്കുന്നു. മേൽ സാഹചര്യത്തിൽ 2017-18 അധ്യയന വർഷം സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എംബിബിഎസ് കോഴ്സിന് പ്രവേശനം ലഭിക്കുകയും പരാമർശം (8) ഉത്തരവ് പ്രകാരം നാലാം വർഷത്തിൽ ബിപിഎൽ സ്കോളർഷിപ്പിന് അർഹത നേടുകയും ചെയ്ത 9 വിദ്യാർഥികൾക്ക് നാലാം വർഷത്തെയും സൂചന (9) സർക്കാർ കത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചാം വർഷത്തെയും ട്യൂഷൻ ഫീസിന്റെ 90% തുക ബിപിഎൽ സ്കോളർഷിപ്പായി അനുവദിച്ച് ഉത്തരവാകുന്നു. വിദ്യാർത്ഥികളുടെ പട്ടിക ഉള്ളടക്കം ചെയ്യുന്നു.

**Annexure**

| **Sl.No.** | **Sl.No. in the Register** | **Roll.No** | **Name of Students** | **Name of College** | **Tuition Fee approved by AFRC** | **BPL Scholarship for 4th and 5th year (90% of Tuition Fee)** |
|---|---|---|---|---|---|---|
| 1 | 5 | 190906 | Ayisha Raiba S | Al Azhar Medical college & Super speciality Hospital, Thodupuzha. Idukki | 4,85,000/- | 4,36,500/- x 2 = 8,73,000/- |
| 2 | 18 | 179876 | Akhil Mohammed K | MES Medical College Malappuram | 4,85,000/- | 4,36,500/- x 2 = 8,73,000/- |
| 3 | 41 | 226230 | Mori Grace M S | Malabar Medical College Hospital Kozhikode | 4,85,000/- | 4,36,500/- x 2 = 8,73,000/- |
| 4 | 64 | 216083 | Unaisa Jasmin T U | PK Das Institute of Medical Sciences Palakkad | 5,22,300/- | 4,70,070/-x 2 =9,40,140/- |
| 5 | 73 | 227953 | Alfiya Navas | Al Azhar Medical college & Super speciality Hospital, Thodupuzha. Idukki | 4,85,000/- | 4,36,500/-x 2 = 8,73,000/- |
| 6 | 75 | 172512 | Raneesh K M | Sree Gokulam Medical College Thiruvananthapuram | 4,85,000/- | 4,36,500/- x 2 = 8,73,000/- |

| | | | | | | |
|---|---|---|---|---|---|---|
| 7 | 95 | 140289 | Akash V | SUT Medical College Thiruvananthapuram | 4,60,560/- | 4,14,504/-x 2 =8,29,008/- |
| 8 | 96 | 111412 | Sneha J | Dr. Somervell Memorial CSI Medical College, Karakonam. Thiruvananthapuram | 4,85,000/- | 4,36,500/- x 2 = 8,73,000/- |
| 9 | 97 | 220577 | Shaheer M | DMWIMS Medical College Wayanad | 5,18,560/- | 4,66,704/-x 2 =9,33,408/- |

**Total - ₹79,40,556/-**

**(₹ Seventy nine lakhs forty thousand five hundred and fifty six only)**

പ്രവേശന പരീക്ഷാ കമ്മീഷണർ

പകർപ്പ്

1. ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക്
2. ബന്ധപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾമാർക്ക്
3. ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. ഉന്നത വിദ്യാഭ്യാസ വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. ഡയറക്ടർ, ഡയറക്ടർ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, തിരുവനന്തപുരം
6. ഡയറക്ടർ, ആരോഗ്യ വകുപ്പ്, തിരുവനന്തപുരം